# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 7102. 16/07/2012 - ലെ മറുപടിക്ക്

### ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ : | | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുപോലും ഇല്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകളാണ് കൊല്ലം ജില്ലയിൽ നിലവിലുളളത്; | (എ) | 15 പഞ്ചായത്തുകളിൽ ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ല. എന്നാൽ അതിൽ 10 പഞ്ചായത്തുകളിൽ വൊക്കേഷണൽ ഹയർ സെക്കന്ററി നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ പ്ലസ് ടു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (ബി) | പരിശോധിച്ചു തീരുമാനിക്കുന്നതാണ്. |
| (സി) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനെല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്ലസ് ടു പഠനത്തിന് സ്ഥാപനങ്ങൾ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്തുത പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ ആദിച്ചനെല്ലൂർ പഞ്ചായത്ത് അധീനതയിലുളള പഞ്ചായത്ത് ഹൈസ്കൂളിൽ പ്ലസ് ടു ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പുതുതായി ഹയർ സെക്കന്ററി സ്കൂളുകൾ ആരംഭിക്കാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊളളുന്ന മുറയ്ക്ക് അപേക്ഷ ലഭിക്കുയൊണെങ്കിൽ നിയമാനുസൃതം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.